നമ്പർ: **LF/ 01/2017** ലൈഫ് മിഷൻ കാര്യാലയം, സെക്രട്ടറിയേറ്റ്,
തിരുവനന്തപുരം. തീയതി : **16.09.2017.**

പ്രേഷക
ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

സ്വീകർത്താവ്
എല്ലാ ജില്ലാ കളക്ടർമാർക്കും

സർ,

വിഷയം: ലൈഫ് മിഷൻ – കരട് ഗുണഭോക്തൃ പട്ടികയിന്മേൽ ജില്ലാ തലത്തിൽ അപ്പീലുകൾ സ്വീകരിക്കുന്നതിനുള്ള സമയം നീട്ടിയത് – സംബന്ധിച്ച്

********************

ലൈഫ് സർവ്വേ പ്രകാരം തയ്യാറാക്കിയ കരട് ഗുണഭോക്തൃ പട്ടികയിന്മേൽ ആക്ഷേപങ്ങൾ സ്വീകരിക്കുന്നതിനും അതിന്മേൽ പരിശോധന നടത്തി ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കുന്നതിനും സമയം നിശ്ചയിച്ച് നൽകിയിരുന്നു. എന്നാൽ ഉപതെരഞ്ഞെടുപ്പുകൾ മൂലം ചില തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ ഒന്നാം ഘട്ട അപ്പീലിന് ശേഷം ലിസ്റ്റ് പുനഃപ്രസിദ്ധീകരിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും ആയതിനാൽ ഗുണഭോക്താക്കൾക്ക് യഥാസമയം ജില്ലാ കലക്ടർമാർ മുമ്പാകെ ആക്ഷേപങ്ങൾ സമർപ്പിക്കുവാൻ കഴിഞ്ഞിട്ടില്ല എന്നും ജില്ലകളിൽ നിന്നും അറിയിച്ചിട്ടുണ്ട്. പ്രസ്തുത സാഹചര്യം കണക്കിലെടുത്ത് ജില്ലകളിൽ ആക്ഷേപങ്ങൾ സമർപ്പിക്കുന്നതിനുള്ള സമയം സെപ്റ്റംബർ 20 വരെ നീട്ടിയിരിക്കുന്നു. തുടർന്നുള്ള നടപടികൾക്കുള്ള സമയക്രമം അനുബന്ധമായി ചേർത്തിരിക്കുന്നു.

വിശ്വസ്തതയോടെ,

ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

1. ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
2. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
3. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
4. എല്ലാ ദാരിദ്ര്യ ലഘൂകരണ വിഭാഗം പ്രോജക്ട് ഡയറക്ടർമാർക്കും
5. എല്ലാ കുടുംബശ്രീ ജില്ലാ മിഷൻ കോ-ഓർഡിനേറ്റർമാർക്കും

അനുബന്ധം

## ആക്ഷേപങ്ങൾ പരിശോധിച്ച് അന്തിമ ഗുണഭോക്തൃ പട്ടിക പ്രസിദ്ധീകരിക്കുന്നതിനുള്ള പുതുക്കിയ സമയക്രമം

| നടപടി | പഴയ സമയക്രമം | പുതുക്കിയ സമയക്രമം |
|---|---|---|
| ജില്ലാ കളക്ടർക്ക് രണ്ടാം ഘട്ട ആക്ഷേപങ്ങൾ സമർപ്പിക്കാവുന്ന അവസാന തീയതി | സെപ്റ്റംബർ 16 | സെപ്റ്റംബർ 20 |
| രണ്ടാം ഘട്ട ആക്ഷേപങ്ങൾ പരിശോധിച്ച് പട്ടിക തദ്ദേശസ്വയംഭരണ സ്ഥാപന തലത്തിൽ പുനഃപ്രസിദ്ധീകരിക്കൽ | സെപ്റ്റംബർ 28 | ഒക്ടോബർ 3 |
| ഗ്രാമസഭ/ വാർഡ് സഭ കൂടി പട്ടിക അംഗീകരിക്കേണ്ട സമയം | ഒക്ടോബർ 3 മുതൽ 20 വരെ | ഒക്ടോബർ 6 മുതൽ 20 വരെ |
| ഗ്രാമസഭ/ വാർഡ് സഭ അംഗീകരിച്ച പട്ടികകൾ ഭരണസമിതികൾ അംഗീകരിച്ച് അന്തിമ ഗുണഭോക്തൃ പട്ടികയുടെ പ്രസിദ്ധീകരണം | ഒക്ടോബർ 25 | ഒക്ടോബർ 25 |



ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ